**ANJALY THOMAS**
ബാക്പാക്കറായി ലോക സഞ്ചാരം ചെയ്യുന്ന മലയാളി സഞ്ചാര സാഹിത്യകാരി. ദുബായിൽ ജോലി ചെയ്യുന്നു.






# ചീസും പിരമിഡും ചില 'വിശേഷ' മനുഷ്യരും

**പിരമിഡും മമ്മിയും സ്ഫിങ്സും മാത്രമല്ല ഈജിപ്ത് വീടുവിട്ടു പുറത്തു പോയിട്ടില്ലെങ്കിലും ലോകം കണ്ട മനുഷ്യരെപ്പോലെ പെരുമാറുന്ന ചില വിശിഷ്ട വ്യക്തികളുടെ കൂടി നാടുമാണ് ഈജിപ്ത്**

▲ ലക്സറിലെ പുരാവസ്തുക്കൾ

'കുഷാരി മാത്രമാണ് ഇവിടെ ഇപ്പോൾ കിട്ടാവുന്ന ഭക്ഷണം.' എന്നെക്കാൾ ഉയരമുള്ള മനുഷ്യന്റെ ശബ്ദം കാതിൽ പതിഞ്ഞു. 'ടൂറിസ്റ്റുകൾക്കായുള്ള ഭക്ഷണം വേണമെങ്കിൽ ലക്സർ ടെംപിളിനു സമീപമുള്ള മക്ഡൊണാൾഡിൽ ചെല്ലണം. അഞ്ചു മിനിറ്റുകൊണ്ട് അവിടെത്താനുള്ള മാർഗമൊന്നും എനിക്കറിയില്ല.'അതായത്ഇന്നുംഎന്റെഭക്ഷണം കുഷാരി തന്നെ. അരിയും പയറും മക്രോണിയും ചേരുന്ന ഈജിപ്തിന്റെ ഈ ദേശീയവിഭവത്തോട് എനിക്ക് പ്രത്യേകിച്ച് ഇഷ്ടക്കേടൊന്നും ഇല്ല. എങ്കിലും ഒരാഴ്ചയായി ഇതു മാത്രം കഴിക്കുന്നതിനാൽ വ്യത്യസ്തമായി എന്തെങ്കിലും കിട്ടിയാൽ എന്ന് ആഗ്രഹിച്ചു.

പണ്ടെങ്ങോ അസ്തമിച്ച ഒരു നാഗരികതയുടെ മഹത്വത്തെ മുതലാക്കാൻ ശ്രമിക്കുന്ന നഗരമാണ് ലക്സർ. ആ സമയം ഞാൻ നൈൽ നദിയുടെ വെസ്റ്റ് ബാങ്ക് ഭാഗത്താണ്, പുരാവസ്തുക്കളുടെ പറുദീസ എന്നാണ് ചരിത്രകാരൻമാർ ആ ഭാഗത്തെ വിളിക്കുന്നത്. ലോകഭൂപടത്തിൽ ഏതാനും രാജ്യങ്ങൾക്കു മാത്രമേ ഈജിപ്തിനോളം കാലപ്പഴക്കം അവകാശപ്പെടാനാകൂ. അതുകൊണ്ട്, ഈജിപ്ഷ്യൻ മമ്മികളെപ്പറ്റി ഹോളിവുഡിൽ നിന്നു കേൾക്കുന്നതിനപ്പുറം അറിയാൻ ആഗ്രഹമുണ്ടെങ്കിൽ പുരാതന ശവകുടീരങ്ങളുടെ തലസ്ഥാനമായ വെസ്റ്റ് ബാങ്കിലേക്കു ചെല്ലുക. നൈൽ നദിയിലെ ക്രൂസ് യാത്ര മാറ്റിനിർത്തിയാൽ ലക്സറിൽ പുരാവസ്തുക്കളുടെ കാഴ്ച മാത്രമേയുള്ളൂ.

വെസ്റ്റ് ബാങ്കിലെ കാഴ്ചകളിലൂടെ സഞ്ചരിക്കാൻ ഞാൻ വിളിച്ച ഡ്രൈവർ ഗൈഡ് ആണ് റമോൺ. മിക്കവാറും എല്ലാ വാചകങ്ങളും ''മൈ ക്വീൻ'' എന്നു പറഞ്ഞുകൊണ്ട് ആരംഭിക്കുന്ന റമോൺ ബോളിവുഡ് ചലച്ചിത്രങ്ങളെപ്പറ്റി പലതും ചോദിച്ചു. സംഭാഷണം കാടുകയറുമ്പോൾ എന്തിനാണ് റമോണിനെ വിളിച്ചത് എന്നു ഞാൻ ഓർമിപ്പിക്കും, അപ്പോൾ കിങ് ടുട്ടിനെയും റാംസെസിനെയും മമ്മിയാക്കിയ പ്രക്രിയ വിശദമാക്കും. തന്റെ പൂർവികർ വാലി ഓഫ് ദി കിങ്സിലെ ശവകുടീരങ്ങളും ഭൂഗർഭകല്ലറകളും തുരങ്കഭിത്തികളും രൂപഭംഗിയോടെയും കൃത്യതയോടെയും വരച്ചതെങ്ങനെ എന്നു വിവരിക്കുമ്പോൾ റമോൺ അഭിമാനം കൊണ്ട് തിളങ്ങും.

റമോണിന്റെ ശ്രദ്ധ ഞാൻ കൂടെക്കൂടെ ഒസിരിസിലേക്കും അനുബിസിലേക്കും (മരണവുമായി ബന്ധപ്പെട്ട ദേവതകൾ) ഐശ്വര്യസമൃദ്ധമായ 20 വർഷം ഈജിപ്ത് ഭരിച്ച വനിതാ ചക്രവർത്തി ഹാറ്റ്ഷെപ്സുടിന്റെ മോർചറി ടെംപിൾ സന്ദർശിക്കവേ ക്ഷേത്രമതിലിൽ കോറിയിട്ടിരിക്കുന്ന അവരുടെ ജീവിതയാത്ര അൽപമെങ്കിലും മനസ്സിലാക്കാൻ ഹിറോഗ്ലിഫിക്സിന്റെ പ്രാഥമികപാഠങ്ങൾ പഠിക്കുന്നത് നന്നായിരിക്കുമെന്ന് എനിക്കു തോന്നി.

ശ്രദ്ധേയമായ മറ്റൊന്നു കരിവണ്ടുകൾ



റമീയുടെ അമ്മയ്ക്കൊപ്പം



വഴികാട്ടി റമീക്കൊപ്പം ഗീസയിൽ



പാപ്പിറസ് നിർമാണം

(സ്കരാബ് ബീറ്റിൽ) ആണ്. ഏലസ്സ്, ലോക്കറ്റ്, ഫ്രിജ് മാഗ്നറ്റ് തുടങ്ങി പല രൂപത്തിൽ ഇവയെ സുവനീർ ഷോപ്പുകളിൽ കാണാം. പുരാതന ഈജിപ്തുകാർ സൂര്യദേവനായ റായുമായി ദൈവിക ബന്ധമുള്ളവയാണ് കരിവണ്ടുകൾ എന്നു വിശ്വസിച്ചിരുന്നു.

ഈജിപ്ഷ്യൻ ദൈവങ്ങളിൽ ബാസ്റ്ററ്റിനു പൂച്ച, തോത്തിനു ബബൂൺ, സോബെക്കിനും റായ്ക്കും മുതല, സെത്തിന് മത്സ്യം, ഹോറസിന് കീരിയും ചുണ്ടെലിയും പക്ഷികളും അനുബിസിന് പട്ടിയും ചെന്നായയും, അട്ടുമിന് സർപ്പവും ഈലും ഖെപെരയ്ക്ക് വണ്ട്, അപിസിനു കാള എന്നിങ്ങനെ ഒട്ടേറെ വിശുദ്ധ മൃഗങ്ങളുണ്ട്.

ആവേശം നിറയുന്ന കാഴ്ചകളാണ് ലക്സറിൽ. എന്നാൽ ക്ഷേത്രങ്ങളും ശവകുടീരങ്ങളും കണ്ട്, കുഷാരി ഭക്ഷിച്ച്, ടൂറിസം ദല്ലാളൻമാരെ അകറ്റി ഒരാഴ്ച പിന്നിട്ടപ്പോഴേക്കും ഏറെ തളർന്നു.

## അസാധാരണ ആതിഥേയർ

'ആതിഥേയത്വത്തിന്റെ കാര്യത്തിൽ' ഈജിപ്ഷ്യൻ പുരുഷൻമാരെ മറികടക്കാൻ ആർക്കും സാധിക്കില്ല, പ്രത്യേകിച്ച് സ്ത്രീ സഞ്ചാരികളോടുള്ള പെരുമാറ്റത്തിൽ. അങ്ങാടിയിലും മറ്റും ലൈംഗികമായ പരാമർശങ്ങൾ കേൾക്കാം, അതിസൗഹൃദം നടിച്ചെത്തിയ ചെറുപ്പക്കാർ കഴുത്തിൽ മാല അണിയിക്കാൻ ശ്രമിക്കും, കൈകളിൽ ബലമായി പിടിച്ച് കവിളുകളിൽ തടവാൻ വരാം. അവരെ അടിക്കാൻ കൈ ഉയർത്തിയവരാണ് ഈജിപ്തിൽ ഒറ്റയ്ക്കു സഞ്ചരിച്ച എന്റെ മുൻഗാമികളായ പല വനിത സോളോ സഞ്ചാരികളും. അവരെപ്പോലെ പെരുമാറാൻ ഞാനും ഒട്ടും മടി കാണിച്ചില്ല. ഈജിപ്തിൽ ഒറ്റയ്ക്കു സഞ്ചരിക്കുമ്പോൾ നല്ല മനോഭാവവും തമാശ ഉൾക്കൊള്ളാനുള്ള മനസ്സും വേണം. വേണ്ടതു മാത്രമേ കേൾക്കാവൂ. നന്നായി ഓടാൻ സഹായിക്കുന്ന ഷൂ കരുതുക. സാഹചര്യം അനുസരിച്ച് ഇവയിൽ ഒന്നോ, പലതോ, എല്ലാമോ ഉപയോഗിക്കേണ്ട സന്ദർഭങ്ങൾ യാത്രയിൽ ഉടനീളം ഉണ്ടാകാം.

*ഈജിപ്തിൽ ഒറ്റയ്ക്കു സഞ്ചരിക്കുമ്പോൾ നല്ല മനോഭാവവും തമാശ ഉൾക്കൊള്ളാനുള്ള മനസ്സും വേണം. വേണ്ടതു മാത്രമേ കേൾക്കാവൂ. നന്നായി ഓടാൻ സഹായിക്കുന്ന ഷൂ കരുതുക. സാഹചര്യം അനുസരിച്ച് ഇവയിൽ ഒന്നോ, പലതോ, എല്ലാമോ ഉപയോഗിക്കേണ്ട സന്ദർഭങ്ങൾ യാത്രയിൽ ഉടനീളം ഉണ്ടാകാം*



ലക്സർ ടെംപിൾ



കുഷാരി

## നാട്ടുകാരനും നാടൻ മനോഭാവവും

ഈജിപ്തിലെത്തുന്ന സഞ്ചാരികളെപ്പോലെ ഞാനും കെയ്റോയിലേക്കുള്ള ഒരു ടിക്കറ്റിനായി ലക്സർ റെയിൽവേ സ്റ്റേഷനിൽ എത്തി. തൊട്ടടുത്ത പ്രഭാതത്തിൽ ഗീസ സ്റ്റേഷനിൽ ഞാൻ റമീയുടെ മുന്നിൽ എത്തിപ്പെട്ടു.

''എന്റെ സഹായം ആവശ്യമുണ്ടോ?'' തടിയൻ ടാക്സി ഡ്രൈവർക്കും എനിക്കും ഇടയിലേക്ക് തന്റെ ചെറിയ ശരീരവുമായി കടന്നു വന്ന റമീ ചോദിച്ചു. ഞാൻ ആഗ്രഹിക്കുന്നതുപോലെ പിരമിഡുകൾ കാണാൻ സഹായിക്കാം എന്നു പറഞ്ഞുകൊണ്ട് സ്വയം പരിചയപ്പെടുത്തിയ റമീയെ വിശ്വസിക്കുന്നതിൽ കുഴപ്പമില്ല എന്നു തോന്നി. മനസ്സു പറയുന്നതുപോലെ പൊക്കോളൂ, പക്ഷേ, ബുദ്ധിയെ കൂടെക്കൂട്ടാൻ മറക്കരുത് എന്ന് കേട്ടിട്ടുണ്ട്.

പ്രകൃതിയിലെ നിഗൂഢമായ യാദൃച്ഛികതകളിൽ ഒന്നായിരുന്നു റമീ. അയാൾ ദുബായ് പ്രവാസജീവിതം അവസാനിപ്പിച്ചു വന്നതാണ്, ഗീസയിലെ പിരമിഡുകൾക്കു സമീപം താമസിക്കുന്നു, എന്റെ മുന്നിൽ അയാൾ അവതരിക്കുന്നതാകട്ടെ ഞാൻ ഒരു ക്യാബ് ഡ്രൈവറുമായി തർക്കിക്കുമ്പോഴും. അയാൾ അനാവശ്യമായി എന്നെ അലട്ടുകയാണെന്നു തോന്നിയപ്പോഴാണ് താൻ ഇടപെട്ടതെന്ന് റമീ പിന്നീട് പറഞ്ഞു.

റമീ എന്നെ വീട്ടിലേക്കു ക്ഷണിച്ചു, അമ്മയെയും സഹോദരിയെയും കാണാമെന്നും പറഞ്ഞു. ബാക്ക്പാക്കറുടെ നിഘണ്ടുവിൽ അതിനർഥം സൗജന്യതാമസവും വീട്ടിലെ ഭക്ഷണവും എന്നാണ്. ഏതാനും ഡോളറുകൾ ലാഭിക്കാനായതിൽ ഞാൻ സ്വയം അഭിനന്ദിച്ചു. എന്നാൽ പിന്നീട് എനിക്കു കുറ്റബോധം തോന്നി. മണിക്കൂറുകൾക്കു ശേഷം റമീയുടെ അമ്മയും സഹോദരിയും ചേർന്നു തയാറാക്കിയ സ്വാദിഷ്ടമായ വിഭവങ്ങൾ കഴിക്കുമ്പോൾ അത് ആനന്ദക്കണ്ണീരായി ഒഴുകി.

അവരുടെ ദയാവായ്പിനു പകരം എനിക്കു ചെയ്യാൻ സാധിച്ചത് അവർ വിളമ്പിയ പാൽക്കട്ടിയും ബിസെല്ലയും (പയറും കാരറ്റും ചേരുന്ന സ്റ്റ്യൂ) പാർസ്‌ലി സാലഡും മൊളോഖിയയും (ഗ്രീൻ സൂപ്പ്) കഴിക്കുമ്പോൾ ഘനമുള്ള സ്വരത്തിൽ 'ശുക്രാൻ' എന്നു പറയാൻ മാത്രമാണ്.

റമീയുടെ വീട്ടിൽ ആരും മുഖാവരണമില്ലാതെ വീടിനു പുറത്തിറങ്ങാറില്ല, എങ്കിലും ഞാൻ കണ്ടതിനെക്കാൾ ലോകം കണ്ടിട്ടുണ്ട് ആ കണ്ണുകൾ. എന്റെ ഹൃദയത്തിലുണ്ടെന്നു കരുതുന്നതിനെക്കാൾ ഇടം അവരുടെ ഹൃദയത്തിലുണ്ട്. അവർക്ക് എത്ര എളുപ്പം, എത്ര സാധാരണമായി എന്നെ ആശ്ലേഷം ചെയ്യാൻ സാധിച്ചു... അത് ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ഭാഗമായ ആതിഥ്യ മര്യാദയാണോ അതോ അവരുടെ മാത്രം രീതിയാണോ എന്നറിയില്ല. ഏതായാലും ഒന്നുറപ്പ്, ഞാൻ അതുവരെ ഈജിപ്തിൽ കണ്ടുമുട്ടിയ എല്ലാരെക്കാളും ഒരുപടി മുകളിലാണ് അവരുടെ സ്ഥാനം.

യുഎഇയിൽ താമസമാക്കിയിട്ടും അറബി ഭാഷ പഠിക്കുന്നതിന് ഉപേക്ഷ കാണിച്ചതിൽ എനിക്കു ദുഃഖം തോന്നി. ഭാഷാപരമായ പരിമിതി വലിയൊരു കാര്യമല്ലെന്നാണ് യാത്രകൾ എന്നെ പഠിപ്പിച്ചിട്ടുള്ളത്. എങ്കിലും ബാക്ക്പാക്കറെന്ന നിലയിൽ ഞാൻ ഭാഷാസ്വാധീനം ഉണ്ടാക്കേണ്ടതായിരുന്നു. നാട്ടുകാരായ ഒട്ടേറെ ആൾക്കാരുമായി വിജ്ഞാനപ്രദമായ രീതിയിൽ സംസാരിക്കാനുള്ള സാധ്യതയാണ് എനിക്കു നഷ്ടമായത്. റമീയുടെ വീട്ടുകാർക്കൊപ്പം സായാഹ്ന ഭക്ഷണം പങ്കിടുമ്പോൾ അലട്ടിയതുപോലെ ഈ വേദന മുൻപൊരിക്കലും എന്നെ അലട്ടിയിട്ടില്ല.

## പിരമിഡുകളും നാടൻ കാഴ്ചപ്പാടും

ആയിരക്കണക്കിനു വർഷം പഴക്കമുള്ള ഗീസയിലെ പിരമിഡുകളുടെയോ സ്ഫിങ്സിന്റെയോ അല്ലെങ്കിൽ പുരാതന ഈജിപ്ഷ്യൻ ചന്തകളുടേയോ കിങ് ടുട്ടിന്റെ ശവകുടീരത്തിന്റെയോ ഒന്നും വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. ഫറവോനിക് പുരാവസ്തുക്കളുടെയും ഈജിപ്ഷ്യൻ ചരിത്ര വസ്തുക്കളുടെയും ലോകത്തിലെ ഏറ്റവും വലിയ ശേഖരമായ കെയ്റോ മ്യൂസിയം അദ്ഭുതപ്പെടുത്തി.

യഥാർഥ പാപ്പിറസ് കടലാസും വാഴയില കൊണ്ട് ഉണ്ടാക്കുന്ന അതിന്റെ തട്ടിപ്പ് പാപ്പിറസിനെയും എങ്ങനെ തിരിച്ചറിയാമെന്നും റമീ കാട്ടിത്തന്നു. യഥാർഥ പാപ്പിറസ്സ് ഒരുതരത്തിലും വിണ്ടുകീറില്ലത്രേ. റമീ ഒരു നല്ല പാപ്പിറസ് കടലാസ് പന്തുപോലെ ഉരുട്ടി എടുത്തു. അതേരീതിയിൽ ഉരുട്ടി നോക്കിയ എന്റെ കയ്യിലിരുന്ന 'പാപ്പിറസ്' പല കഷ്ണങ്ങളായി പൊടിഞ്ഞു. ചെറിയൊരു കാര്യം, എന്നാൽ വലിയ പാഠം – യാത്രാവേളകളിൽ എപ്പോഴും നാട്ടുകാരുടെ കാഴ്ചപ്പാടുകൾക്കും അനുഭവങ്ങൾക്കും ചെവിയോർക്കുക. അതുകൊണ്ട് നല്ലതേ വരൂ. പല തരത്തിലുള്ള പ്രത്യേകതകളുള്ളതാണ് കെയ്റോ നഗരത്തിനു വെളിയിൽ ഒരു ചേരിപ്രദേശത്തുള്ള സിറ്റി ഓഫ് ഡെഡ്. 7ാം നൂറ്റാണ്ടു മുതലുള്ള മൃതശരീരങ്ങൾ സംരക്ഷിച്ചിരിക്കുന്ന ശവകുടീരങ്ങൾ ഇവിടെ കാണാം.

എന്റെ ഈജിപ്ഷ്യൻ ഓർമകളിൽ നിറയുന്നത് റമീയുടെ അമ്മയുടെ മുഖമാണ്. യാത്ര പറയുമ്പോൾ ആ മുഖത്തു തുളുമ്പിയ സ്നേഹമാണ്. ദുഃഖവും വീണ്ടും കാണാമെന്ന പ്രതീക്ഷയും നിറയുന്ന അവരുടെ പുഞ്ചിരിയാണ്. നിറവേറ്റാനാകുമെന്ന് ഉറപ്പില്ലെങ്കിലും വീണ്ടും ചെല്ലുമെന്ന് ഞാൻ വാക്കു നൽകി. നൈൽ നദിയിലെ വെള്ളമാണ് കുടിച്ചതെങ്കിൽ തീർച്ചയായും മടങ്ങി വരാൻ സാധിക്കുമെന്ന് അവർ എന്നെ ആശ്വസിപ്പിച്ചു. അവരുടെ വിശ്വാസം സത്യമാകട്ടെ.. ■



കിങ് ടുടാങ്കമുന്റെ സിംഹാസനം

*എന്റെ ഈജിപ്ഷ്യൻ ഓർമകളിൽ നിറയുന്നത് റമീയുടെ അമ്മയുടെ മുഖമാണ്. യാത്ര പറയുമ്പോൾ ആ മുഖത്തു തുളുമ്പിയ സ്നേഹമാണ്. ദുഃഖവും വീണ്ടും കാണാമെന്ന പ്രതീക്ഷയും നിറയുന്ന അവരുടെ പുഞ്ചിരിയാണ്. നിറവേറ്റാനാകുമെന്ന് ഉറപ്പില്ലെങ്കിലും വീണ്ടും ചെല്ലുമെന്ന് ഞാൻ വാക്കു നൽകി. നൈൽ നദിയിലെ വെള്ളമാണ് കുടിച്ചതെങ്കിൽ തീർച്ചയായും മടങ്ങി വരാൻ സാധിക്കുമെന്ന് അവർ എന്നെ ആശ്വസിപ്പിച്ചു.*



സിറ്റി ഓഫ് ഡെഡ്